# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എലിക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2021-2022**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം പി - 13/2364/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 03/12/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എലിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം പി - 13/2364/2022 തീയ്യതി: 03/12/2022

# കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 09-11-2022 | 18-11-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-11-2022 | 18-11-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രസാദ് പി ജി, ഓഡിറ്റ് ഓഫീസർ
ഷാന്റി ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷാജിമോൻ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എസ് ഷാജി | പ്രസിഡന്റ് | 01-04-2021 | 31-03-2023 |
| ജോസഫ് പി റ്റി | സെക്രട്ടറി | 01-04-2021 | 01-07-2021 |
| ജോയിസ് സെബാസ്റ്റ്യൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-07-2021 | 18-07-2021 |
| സിബി ജോസ് കെ | സെക്രട്ടറി | 19-07-2021 | 23-01-2022 |
| തോമസ് റ്റി പുൽത്തകിടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-01-2022 | 31-01-2022 |
| സിബി ജോസ് കെ | സെക്രട്ടറി | 01-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷീജാമോൾ ജോസഫ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ജോയിസ് സെബാസ്റ്റ്യൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| നിസ ലത്തീഫ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| പ്രീതി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| മോളമ്മ എം പി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ജൂലി ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-08-2021 |
| റെയ് മോൻ ഡി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-09-2021 | 31-03-2022 |
| ഫെമി ഫ്രാൻസിസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2021 | 31-03-2022 |
| അരുൺ പിള്ള | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2021 | 18-08-2021 |

| | | | |
|---|---|---|---|
| ഫെമി ഫ്രാൻസിസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 19-08-2021 | 31-03-2022 |
| ഡോ. സ്മിത കൈമൾ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ബിന്ദുതെരേസ പി ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ബിനോജ് കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)) | 01-04-2021 | 21-06-2021 |
| ഡോ. ഡോണ എബ്രഹാം മറ്റം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)) | 22-06-2021 | 31-03-2022 |
| ഡോ. പത്മരാജൻ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-04-2021 | 30-06-2021 |
| ഡോ. ജെസ്സി എം കട്ടപ്പുറം | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-07-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തികവിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ILGMS പാസ്റ്റ് ഡാറ്റാ എൻട്രി(PDE)-അക്കൗണ്ടിങ്ങ് അപാകതകൾ | 1-11 |
| 12 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ | 1-12 |
| 13 | ഗ്ലെൻ റോക്ക് റബ്ബേഴ്സ് - വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ | 1-13 |
| 14 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 15 | ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക-കുടിശ്ശിക നിലനിൽക്കുന്നു | 1-15 |
| 16 | വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു. | 1-16 |
| 17 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-17 |
| 18 | വെട്ടിയിട്ടിരിക്കുന്ന തേക്ക് മരത്തിന്റെ ലേലം സംബന്ധിച്ച് കേസ് - തടി നശിച്ചുപോകുന്ന അവസ്ഥയിൽ | 1-18 |
| 19 | സെക്രട്ടറി നിർവ്വഹണം നടത്തിയ കുഴൽ കിണർ നിർമ്മാണ പ്രോജക്ടുകൾ -അപാകതകൾ | 1-19 |
| 20 | ഇ ടെന്റർ -ടെന്റർ ഫീസ് പഞ്ചായത്തിന് ലഭ്യമായില്ല. | 1-20 |
| 21 | നീക്കം ചെയ്ത മണ്ണ് -ലേലം ചെയ്തില്ല. | 1-21 |
| 22 | കാലി ബാരൽവിലയും ജി.എസ്.ടിയുമുൾപ്പെട്ട തുക പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-22 |
| 23 | പാലിയേറ്റീവ് ജറിയാട്രിക് പരിചരണം- മെഡിക്കൽ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-23 |
| 24 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-24 |
| 25 | എം.ജി.എം.യു.പി.സ്കൂളിൽ ബയോഗ്യാസ് പ്ലാന്റ് -നിർവഹണ ഏജൻസിക്ക് അധികതുക നല്കി. | 1-25 |
| 26 | ഇൻഡോർ സ്റ്റേഡിയം- ഭാഗിക നിർമ്മിതിയാക്കി അവസാനിപ്പിച്ചു. | 1-26 |
| 27 | ഗ്രാമപഞ്ചായത്ത് മന്ദിരം പൂർത്തീകരിച്ച് അന്തിമബിൽ നല്കിയില്ല. | 1-27 |
| 28 | വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല - 6201241/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 29 | ലൈഫ് ഭവന പദ്ധതി- അവലോകനം | 1-29 |
| 30 | ആശ്രയ ഭവനപുനരുദ്ധാരണം- പണി പൂർത്തിയാക്കിയിട്ടില്ല | 1-30 |
| 31 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | എം.ജി.എം.യു.പി.സ്കൂളിൽ ബയോഗ്യാസ് പ്ലാന്റ് -നിർവഹണ ഏജൻസിക്ക് അധികതുക നല്കി. | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷികന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 18.02.2021 തീയതിയിലെ I/2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 25.03.2022 തീയതിയിലെ I/1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 92,95,851.00 | 94,29,851.00 |
| വരവ് | 16,17,26,183.00 | 6,77,38,750.00 |
| ആകെ | 17,10,22,034.00 | 7,71,68,601.00 |
| ചെലവ് | 16,60,07,683.00 | 6,80,70,003.00 |
| നീക്കിയിരിപ്പ് | 50,14,351.00 | 90,98,598.00 |

ബജറ്റ് ഫയൽ കൃത്യമായി പരിപാലിക്കുന്നുണ്ട്. ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. ബജറ്റ് പ്രതീക്ഷിക്കപ്പെട്ടതും യഥാർത്ഥത്തിലുള്ളതുമായി അന്തരം നിലനിൽക്കുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 130626830/- രൂപയും ചെലവ് 131815692/- രൂപയുമാണ്. റസീപ്റ്റ് & പേയ്മെന്റ് പ്രകാരം മുന്നിരിപ്പ് 9429851/- രൂപയും വരവ് 67738750/- രൂപയും ചെലവ് 68070003/- രൂപയും നീക്കിയിരിപ്പ് 9098598/- രൂപയുമാണ്. 2021-22 ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.
3. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
4. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.
5. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
6. സ്ഥിരനിക്ഷേപം സർട്ടിഫിക്കറ്റുകൾ പ്രകാരമുള്ള തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.
7. സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക ലഭിക്കുന്ന അക്കൗണ്ടിൽ (ബി4-320700204 ശീർഷകം) 16.07.2021 ൽ ലഭ്യമായ 24954/- രൂപയുടെ വിവരങ്ങൾ ലഭ്യമല്ല.
8. സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന വിഹിതം ആർ പി 7, ആർ പി 30 എന്നിവ I6-മായി പൊരുത്തപ്പെടുന്നില്ല.
9. 160100757 എന്ന ഹെഡിലെ തൊഴിൽ രഹിത വേതനം ഇനത്തിൽ ലഭ്യമായ ആർ പി 7 ലെ തുക I6-മായി പൊരുത്തപ്പെടുന്നില്ല.
10. ബി 5 ഷെഡ്യൂളിലെ Secured Loans – Loan From KURDFC ലോൺ വിവരങ്ങൾ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ബി5, ബി16 എന്നിവ പൊരുത്തപ്പെടുന്നില്ല.
11. RP 40(B) – 450210102 എന്ന ഹെഡിൽ 31.03.2022ൽ സർവ്വീസ് സഹകരണ ബാങ്ക് (772)-ലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ നീക്കിയിരിപ്പ് ധനകാര്യ പത്രികയിൽ 2137511/- രൂപയാണ്. എന്നാൽ 31.03.2022ലെ ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 2122805/- രൂപയാണ്.
12. ബാരൽ വില, സർവീസ് ടാക്സ് ഇനത്തിൽ പഞ്ചായത്തിന് ലഭ്യമാകുന്നതിനുള്ള തുക 140500110-Service Charges Collected എന്ന ഹെഡിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.
13. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യപത്രികയിലെ വരവു-ചെലവു കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തികവിശകലനം

2021-22 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിവരവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 94,29,851/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,77,38,750/- |
| ആകെ | 7,71,68,601/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,80,70,003/- |
| നീക്കിയിരിപ്പ് | 90,98,598/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| | |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12081 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7274914 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 16231340 | 16231340 | 15336000 | 895340 | 94.5 |
| വികസനഫണ്ട് എസ് സി പി | 0 | 3848448 | 3848448 | 3425000 | 423448 | 89 |
| വികസനഫണ്ട് ടി എസ് പി | 0 | 23600 | 23600 | 0 | 23600 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്ടൈഡ് | 0 | 8614149 | 8614149 | 3860989 | 4753160 | 44.8 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 0 | 3912163 | 3912163 | 3585886 | 326277 | 92 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 11269700 | 11269700 | 8514240 | 2755460 | 76 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5377582 | 5377582 | 4411408 | 966174 | 82 |
| ദേശീയ തൊഴിലുറപ്പ് പദ്ധതി | 4867 | 17901625 | 17906492 | 17451235 | 455257 | 97.5 |
| സംയോജിത പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 2570484 | 2570484 | 2570484 | 0 | 100 |
| സംയോജിത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 | 1309954 | 1309954 | 1285000 | 24954 | 98 |

GO(RT) 2617/22/31/3/22 അലോട്ട്മെന്റ് ഉത്തരവ് പ്രകാരം തുക അനുവദിച്ചെങ്കിലും തുക യഥാർത്ഥത്തിൽ ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഗ്രാന്റ് വിനിയോഗ പത്രികയിൽ (G.O) പ്രോജക്ടുകൾ പ്രകാരം ഉറവിടത്തിൽ കുറവ് ചെയ്ത തുകകൾ വരവായി ഉൾപ്പെടുത്തിയിരുന്നില്ല. മറ്റ് അപാകതകൾ കാണുന്നില്ല. മേൽ അപാകത നിലനിൽക്കുന്നതിന് വിധേയമായി അനുബന്ധം 2 പ്രകാരമുള്ള സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നു.

## 1-5 വാർഷികപദ്ധതി അവലോകനം

2021-22 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ആസൂത്രണ സമിതിയോഗം 20-01-2021 ലും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 25-01-2021 തീയതികളിലും നടക്കുകയുണ്ടായി. പദ്ധതിരൂപീകരണത്തിനായുള്ള ഗ്രാമസഭകൾ 01-02-2021 മുതൽ 09-02-2021 വരെയും ഊരുകൂട്ടംയോഗം 05-02-2021 തീയതിയിലും നടക്കുകയുണ്ടായി. വിവിധ തലങ്ങളിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് 18-02-2021 ലെ വികസനസെമിനാറിൽ വാർഷികപദ്ധതിക്ക് അന്തിമരൂപം നല്കി. ഗ്രാമപഞ്ചായത്ത് കമ്മിറ്റി അന്തിമ അംഗീകാരം നല്കിയ വാർഷിക പദ്ധതി 24-03-2022 തീയതിയിലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചു.

വാർഷികപദ്ധതിയുടെ വിവരം.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 176 | 129 | 98061149 | 49302344 | 50.27 |

അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത്. | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക. | ചെലവ്. |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 5 | 3086841 | 1775673 |
| 2 | വെറ്ററിനറി സർജൻ | 5 | 5 | 2626000 | 986000 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 2 | 2 | 854600 | 788817 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 1 | 557600 | 500000 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 150000 | 150000 |

| | | | | | |
|---|---|---|---|---|---|
| 6 | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ 1 | 10 | 10 | 25529900 | 12335500 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 3 | 5716890 | 3852041 |
| 8 | സെക്രട്ടറി | 39 | 27 | 22323506 | 10846788 |
| 9 | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ 2 | 16 | 7 | 5380892 | 1486891 |
| 10 | അസിസ്റ്റന്റ് എൻജിനീയർ. | 79 | 62 | 28558100 | 14943151 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1103130 | 1103130 |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 1752000 | 245823 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി. | 4 | 3 | 421690 | 288530 |
| | ആകെ | 176 | 129 | 98061149 | 49302344 |

അംഗീകാരം ലഭിച്ച ആകെ 176 പ്രോജക്ടുകളിൽ 129 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയിൽ 50.27 ശതമാനം ചെലവഴിക്കുകയുണ്ടായി.സ്പിൽ ഓവറായി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച 34 പ്രോജക്ടുകളിൽ 26എണ്ണം മാത്രമാണ് നടപ്പാക്കിയത്.സ്പിൽ ഓവറായി എടുക്കുന്ന പ്രോജക്ടുകൾ മുഴുവൻ നടപ്പാക്കുന്നില്ലയെന്നത് പദ്ധതിനിർവഹണത്തിലെ കാര്യക്ഷമതയില്ലായ്മയാണ് വ്യക്തമാക്കുന്നത്.

13ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യമായ തുടർച്ചാസാധ്യതയോടെയുള്ള പരിസ്ഥിതി സുരക്ഷ ,സാമൂഹ്യനീതി ,സാമ്പത്തികവളർച്ച എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന വാർഷികപദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ആർദ്രം,ലൈഫ്,പൊതുവിദ്യാഭ്യാസ സംരക്ഷണം,ഹരിതകേരളം എന്നീ മിഷനുകളുമായി ഏകോപിപ്പിച്ചു നടപ്പിലാക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നെങ്കിലും പൂർണ്ണ ഫലപ്രാപ്തിയുണ്ടായില്ല.

വിവിധ നിർവഹണഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകൾ സമൂഹത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക പുരോഗതിക്കും ,പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളുടെ വികസനത്തിനും സഹായകമായിട്ടുണ്ട്.മരാമത്ത് പ്രവൃത്തികളിലുൾപ്പെടെ എല്ലാ പ്രോജക്ടുകളും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്ന് ഉറപ്പാക്കിയില്ല. നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കാൻ അവശേഷിക്കുകയും പൂർത്തിയായവയിൽ അപാകതകൾ നിലനില്ക്കുകയും ചെയ്യുന്നു.

മരാമത്ത് പ്രവൃത്തികൾക്ക് പുറമേ ഉല്പാദന, സേവന മേഖലകളിലെ പ്രോജക്ടുകളിലൂടെ ഗ്രാമപഞ്ചായത്തിൽ സാധാരണജീവിത നിലവാരം മെച്ചപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടെങ്കിലും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന കാര്യക്ഷമമായ നടപടികൾ ഇനിയും ഉണ്ടാവണം.

വാർഷിക പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ നിർവഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന് പദ്ധതി മാർഗരേഖാ നിർദ്ദേശങ്ങൾ പ്രാവർത്തികമാകുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

**സർക്കാർ ഗ്രാന്റുകൾ ലാപ്സായത് .**

പ്രോജക്ടുകൾ നടപ്പാകാത്തത് മൂലം ചുവടെ ചേർക്കും പ്രകാരം 5064022/- രൂപയുടെ സർക്കാർ ഗ്രാന്റുകൾ ലാപ്സാവുകയുണ്ടായി. വാർഷികപദ്ധതി നിർവഹണത്തിനായി ലഭിക്കുന്ന സർക്കാർ ഗ്രാന്റുകൾ ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

| ഇനം | ആകെ ലഭ്യമായ തുക | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായത് |
|---|---|---|---|
| വികസന ഫണ്ട്-പൊതു വിഭാഗം | 16231340 | 15336000 | 895340 |
| വികസന ഫണ്ട്-എസ്.സി.പി | 3848448 | 3425000 | 423448 |
| വികസന ഫണ്ട്-ടി.എസ്.പി | 23600 | 0 | 23600 |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡിതരം) | 5377582 | 4411408 | 966174 |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡ്) | 11269700 | 8514240 | 2755460 |
| ധനകാര്യകമ്മീഷൻഗ്രാന്റ്(അൺടൈഡ്) | 3858683 | 3585886 | 272797 |
| ധനകാര്യകമ്മീഷൻഗ്രാന്റ്(ടൈഡ്) | 8614149 | 3860989 | 4753160 |
| ആകെ | 36750670 | 31686648 | 5064022 |

## 1-6 മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പു പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 ൽ സാങ്കേതിക അനുമതി ലഭിച്ച 202 പ്രോജക്ടുകളിൽ 115 എണ്ണം തൻവർഷം പൂർത്തിയാക്കി. 2021-22 വർഷം 39186 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 657 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. കാലിത്തൊഴുത്ത് നിർമ്മാണം, മഴക്കുഴി നിർമ്മാണം, ആട്ടിൻ കൂട് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം തുടങ്ങിയവയാണ് 2021-22 ൽ നടപ്പാക്കിയ പ്രധാനപ്രോജക്ടുകൾ. എം ജി എൻ ആർ ഇ ജി എസ് ക്യാഷ്ബുക്ക് പ്രകാരമുള്ള 2021-22 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 4867.00 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 16736723.00 | 17901625.00 |
| | ക്യാഷ് വരവ് | 478042.00 | |
| | പലിശ | 10261.00 | |
| | തനത് ഫണ്ടിൽ നിന്നും വായ്പ | 676599.00 | |
| ആകെ | | | 17906492.00 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 12281396.00 | 17451235.00 |
| | വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം | 532327.00 | |
| | ഉപകരണങ്ങളുടെ വില, വാടക | 3923000.00 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 714512.00 | |
| | | | |
| നീക്കിയിരുപ്പ് | | | 455257.00 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമപദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30120.00 | 29 |
| വാർദ്ധക്യകാല പെൻഷൻ | 36259300.00 | 2585 |
| കർഷക തൊഴിലാളി പെൻഷൻ | 2576500.00 | 164 |
| വിധവ പെൻഷൻ | 10626300.00 | 721 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 683300.00 | 45 |
| വികലാംഗ പെൻഷൻ | 4092700.00 | 266 |
| വിധവകളുടെപെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 02 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.11.2022 തീയതിയിൽ 3.20 പി എം-ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14699/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

സ്ഥാപനത്തിൽ പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ, എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. പദ്ധതിയിതര ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. തനത് വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും വസ്തുനികുതി,വാടക ഇനങ്ങളിലെ കുടിശിക നിലനില്ക്കുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകൾ ശരിയായി ക്രമീകരിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച വാർഷികപദ്ധതി പ്രോജക്ടുകൾ മുഴുവൻ നടപ്പിലാക്കിയില്ലയെന്നത് പദ്ധതി നടത്തിപ്പിലെ അപാകതയാണ്. വാർഷിക പദ്ധതി പ്രോജക്ടുകൾ മോണിട്ടർ ചെയ്യുകയുണ്ടായില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ നിഷ്കർഷിക്കുന്നെങ്കിലും അപ്രകാരം ഉണ്ടായില്ല. പൊതുവെ തൃപ്തികരമായ ആഭ്യന്തരനിയന്ത്രണം സ്ഥാപനത്തിൽ നിലനിന്നിരുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.05.2022 | 12/2021 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 25.05.2016 മുതൽ 06.06.2016 വരെ | 2012-13 മുതൽ 2015-16 വരെ | എൽബിഎ (എച്ച്.ക്യു)II/8എ)-2459/112 തീയതി 05.07.2016 |

## 1-11 ILGMS പാസ്റ്റ് ഡാറ്റാ എൻട്രി(PDE)-അക്കൗണ്ടിങ്ങ് അപാകതകൾ

എലിക്കുളം ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം 02.09.2021 FN തീയതി മുതലാണ് ILGMS ഓൺലൈനായി പ്രവർത്തനം തുടങ്ങിയത്. സാമ്പത്തിക വർഷത്തെ 01/04/2021 മുതൽ 01/09/2021 AN വരെയുള്ള ഇടപാടുകൾ സാംഖ്യയിലും 02/09/2021 FN മുതൽ 31/03/2022 വരെയുള്ള ഇടപാടുകൾ ILGMS ലുമാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. 2021-22 വാർഷിക ധനകാര്യ പത്രിക ജനറേറ്റ് ചെയ്യുന്നതിന് 01/04/2021-ലെ തുടക്ക ബാലൻസ് ഷീറ്റും(Initial Balance Sheet) 01/04/2021 മുതൽ 01/09/2021 AN വരെയുള്ള സാംഖ്യയിലെ എല്ലാ ശീർഷകങ്ങളിലെയും ധനകാര്യ ഇടപാടുകളുടെ സംക്ഷിപ്തം Past Data Entry ആയി ILGMS-ലെ Finance Module ലേക്ക് PDE ജേർണൽ വൗച്ചർ മുഖേന ഒറ്റത്തവണയായി അക്കൗണ്ട് ചെയ്തിരിക്കുന്നു. അക്കൗണ്ടിങ്ങ് തുടർച്ചയ്ക്കായി(Continuity) ILGMS-ൽ Past Data Entry അക്കൗണ്ടിങ്ങ് നടത്തിയപ്പോൾ സംഭവിച്ച അക്കൗണ്ടിങ്ങ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. 1 14(A)– Decentralised Plan Programme-ൽ 2/21-22 എസ് എസ് എ വിഹിതം 200000/- രൂപയുടെ പദ്ധതിച്ചെലവ് ILGMS-ൽ 251100601, 25110065 എന്നിങ്ങനെ രണ്ട് ഹെഡിൽ ഉൾപ്പെട്ടിരിക്കുന്നു.
2. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന് ഓരോ ഗ്രാന്റുകൾക്കും ഫണ്ടുകൾക്കും പ്രത്യേകം ശീർഷകങ്ങൾ ILGMS-ൽ ലഭ്യമായിരുന്നു. എന്നാൽ പഞ്ചായത്ത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ ആയതിന്റെ വർഗ്ഗീകരണ വിശദാംശം സൂക്ഷിക്കുകയോ ചെയ്യാതിരുന്നതിനാൽ ആകെ Capital Contribution പൊതുവായ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

Past Data Entry യിൽ കണക്ക് ശീർഷകങ്ങളുമായി ബന്ധപ്പെട്ട് സംഭവിച്ച അപാകതകൾ കൃത്യമായ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ തുടർവർഷം പരിഹരിക്കേണ്ടതാണ്. വിഷയം തിരിച്ച് കൃത്യമായ ശീർഷകങ്ങൾ (Specific Account Heads) ILGMS-ൽ ലഭ്യമായിട്ടുണ്ടെങ്കിൽ പൊതു ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ട ഇനങ്ങൾ കൃത്യമായ ക്രമീകരണം നടത്തേണ്ടതാണ്.

## <u>1-12 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ</u>

2021-22 സാമ്പത്തിക വർഷം വസ്തു നികുതി നിർണ്ണയംനടത്തിയ കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള വിവരങ്ങൾ പരിശോധിച്ചതിൽ വസ്തു നികുതി നിർണ്ണയത്തിൽ അപാകതകൾ സംഭവിച്ചിട്ടുള്ളതായി കാണുന്നു. വസ്തു നികുതി നിർണ്ണയിക്കുമ്പോൾ അനുവദനീയമായ ഇളവുകൾ നൽകുന്നതോടൊപ്പം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലും, തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലും മറ്റും ഏർപ്പെടുത്തേണ്ട നികുതി വർദ്ധനവ് കൂടി നികുതി നിർണ്ണയത്തിൽ വരുത്തേണ്ടതാണ്. എന്നാൽ അപ്രകാരം വർദ്ധനവ് വരുത്താത്തതിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്- കെട്ടിട നമ്പർ- ഉടമയുടെ വിവരം- വിസ്തീർണ്ണം | ഉപയോഗക്രമം | ഏർപ്പെടുത്തേണ്ട വർദ്ധനവ് | അപാകത |
|---|---|---|---|---|
| 1 | 1/244Bജോഷി ജോസഫ്, അയത്തിമറ്റത്തിൽ 273.4 ച.മീറ്റർ | വാസഗൃഹം | റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് | ഫോറം 6 പ്രകാരം പൈക ചെങ്ങളം റോഡ് അഞ്ച് മീറ്ററിലധികം വീതിയുള്ള റോഡാണ്. അടിസ്ഥാന വസ്തു നികുതിയുടെ 20% വർധനവ്ഏർപ്പെടുത്തിയിട്ടില്ല |
| 2 | 1/251Gമിനിറോയി, കോടമുള്ളിൽ 107.82 ച.മീറ്റർ | വാസഗൃഹം | ടി | ടി |
| 3 | 1/251 H അജിത്.പി.ജി, പാറക്കടവിൽ 112.38 ച.മീറ്റർ | വാസഗൃഹം | ടി | ടി |

അപാകതകൾസംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി, 22/21-22 ന് അപാകത പരിശോധിച്ച് പരിഹരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പരിശോധിച്ച് സമാന അപാകതകൾ ഉണ്ടായിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതും, അപാകതകൾ പരിഹരിക്കേണ്ടതുമാണ്. നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഫീൽഡ് തല പരിശോധനകൾക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥരോട് കൃത്യതയോടെ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## <u>1-13 ഗ്ലെൻ റോക്ക് റബ്ബേഴ്സ് - വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ</u>

വസ്തു നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള വിവരങ്ങൾ പരിശോധിച്ചതിൽ വസ്തു നികുതി നിർണ്ണയത്തിൽ ഏർപ്പെടുത്തേണ്ട വർദ്ധനവ് വരുത്തിയിട്ടില്ല എന്ന് വ്യക്തമായതിനാൽ മുൻവർഷങ്ങളിലും സമാന അപാകതകൾ ഉണ്ടായിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിച്ചു. ഗ്രാമ പഞ്ചായത്തിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനമായ ഗ്ലെൻ റോക്ക് റബ്ബേഴ്സ് എന്ന സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയത്തിലെ അപാകത ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്- കെട്ടിട നമ്പർ- ഉടമയുടെ വിവരം- വിസ്തീർണ്ണം | ഉപയോഗക്രമം നികുതി നിരക്ക് ച.മീറ്ററിന് | നൽകിയ ഇളവുകളുടെ ഇനം, ആകെ ഇളവ് തുക | ഏർപ്പെടുത്തേണ്ട വർദ്ധനവ് | അപാകത | ഏർപ്പെടുത്താവുന്ന വർദ്ധനവ് നിരക്ക്, ബാധകമായ വർദ്ധനവ് തുക |
|---|---|---|---|---|---|---|
| 1 | 11/556 ജോസഫ്. എം. കള്ളിവയലിൽ 524 ച.മീറ്റർ | MSME രജിസ്ട്രേഷനുള്ള വിയവസായ സ്ഥാപനം ച.മീറ്ററിന് 20രൂപ | മേഖല, മേൽക്കൂര, കാലപ്പഴക്കം ആകെ-രൂപ4192 | റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് | പൈക പിണ്ണാക്കനാട് റോഡ്-അഞ്ച് മീറ്ററിലധികം വീതിയുള്ള റോഡാണ്. അടിസ്ഥാന | അടിസ്ഥാന വസ്തു നികുതിയുടെ 20% 524X20= 10480X20%= 2096/രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | വസ്തു നികുതിയുടെ 20% വർധനവ് ഏർപ്പെടുത്തിയിട്ടില്ല | |
| 2 | 11/557 ജോസഫ്. എം. കള്ളിവയലിൽ 213 ച.മീറ്റർ | " " | മേഖല, മേൽക്കൂര, കാലപ്പഴക്കം ആകെ- രൂപ1278 | "" | "" | 20% 213X20= 4260X20%= 852/രൂപ |
| 3 | 11/558 ജോസഫ്. എം. കള്ളിവയലിൽ 817 ച.മീറ്റർ | " " | മേഖല, മേൽക്കൂര, കാലപ്പഴക്കം ആകെ- രൂപ 6536 | " " | " " | 20% 817X20= 16340X20%= 3268/രൂപ |
| 4 | 11/563 ജോസഫ്. എം. കള്ളിവയലിൽ 2712 ച.മീറ്റർ | " " | മേഖല, മേൽക്കൂര, ആകെ- രൂപ 16272 | " " | " " | 20% 2712X20=54240 X20%= 10848/രൂപ |
| 5 | 11/565 ജോസഫ്. എം. കള്ളിവയലിൽ 534 ച.മീറ്റർ | " " | മേഖല, മേൽക്കൂര, കാലപ്പഴക്കം ആകെ- രൂപ 2136 | " " | " " | 20% 534X20= 10680 X20%= 2136/രൂപ |
| 6 | 11/566- A ജോസഫ്. എം. കള്ളിവയലിൽ 5.29 ച.മീറ്റർ | വ്യവസായ ശാലകളുടെ ഓഫീസ് ച.മീറ്ററിന് മുപ്പത് രൂപ | മേഖല, മേൽക്കൂര, 31.74രൂപ | " " | " " | 20% 5.29X30= 158.7 X20%= 31.74/രൂപ |
| 7 | 11/566- B ജോസഫ്. എം. കള്ളിവയലിൽ 1045 ച.മീറ്റർ | MSMe വിയവസായ സ്ഥാപനം ച.മീറ്ററിന് 20രൂപ | മേഖല, മേൽക്കൂര, 4180രൂപ | " " | " " | 20% 1045X20= 20900 X20%= 4180/രൂപ |
| 8 | 11/566- C ജോസഫ്. എം. കള്ളിവയലിൽ 1590.4 ച.മീറ്റർ | " " | മേഖല, മേൽക്കൂര, 6361.6രൂപ | " " | " " | 20% 1590.4X20= 31808X20%= 6362/രൂപ |
| 9 | 11/566- D ജോസഫ്. എം. കള്ളിവയലിൽ 163.51 ച.മീറ്റർ | " " | മേഖല, മേൽക്കൂര, 654.04രൂപ | " " | " " | 20% 163.51X20= 3270.2X20%= 654.04 |
| 10 | 11/566- E ജോസഫ്. എം. കള്ളിവയലിൽ 2116.25 ച.മീറ്റർ | " " | മേഖല, മേൽക്കൂര, 8465രൂപ | " " | " " | 20% 2116.25X20= 42325X20%= 8465/രൂപ |
| 11 | 11/566- F ജോസഫ്. എം. കള്ളിവയലിൽ 1404.62 ച.മീറ്റർ | " " | മേഖല, മേൽക്കൂര, 5618.48രൂപ | " " | " " | 20% 1404.62X20= 28092.4 X20%= 5618.48/രൂപ |
| 12 | 11/566- G ജോസഫ്. എം. കള്ളിവയലിൽ 68.12 ച.മീറ്റർ | " " | മേഖല, മേൽക്കൂര, 272.48രൂപ | " " | " " | 20% 68.12X20= 1362.4 X20%= 272.48/രൂപ |
| 13 | 11/566- H ജോസഫ്. എം. കള്ളിവയലിൽ 68.12 ച.മീറ്റർ | " " | മേഖല, മേൽക്കൂര, 272.48രൂപ | " " | " " | 20% 68.12X20= 1362.4 X20%= 272.48/രൂപ |
| 14 | 11/566- I ജോസഫ്. എം. കള്ളിവയലിൽ 68.12 ച.മീറ്റർ | " " | മേഖല, മേൽക്കൂര, 272.48രൂപ | " " | " " | 20% 68.12X20= 1362.4 X20%= 272.48/രൂപ |

അപാകതകൾസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/18.11.22 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. മറ്റ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ സമാന അപാകത സംഭവിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിക്കേണ്ടതും, ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി 2021-22 വർഷം

ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/14.11.2022) തൊഴിൽ നികുതി ഈടാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക-കുടിശ്ശിക നിലനിൽക്കുന്നു

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള I/160 നം. മുറിയുടെ 4/2017 മുതൽ 6/2018 വരെയുള്ള 15 മാസ കാലയളവിലെ വാടക 17,728/- രൂപ ശ്രീമതി ഉഷ സാബു, നടപ്പുറകിൽ, മല്ലികശ്ശേരി എന്ന വ്യക്തി കുടിശികയാക്കിയത് നാളിതുവരെ പിരിച്ചടുത്തിട്ടില്ല. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ മേൽ വിഷയത്തിലെ പരാമർശത്തിൽ നടപടി സ്വീകരിച്ചിട്ടില്ല. വാടക കുടിശിക ഒടുക്കാത്ത ഉഷ സാബു എന്ന വ്യക്തിയ്ക്ക് തന്നെ അമൃതം ന്യൂട്രിമിക്സ് പ്രോഡക്ട്സ്, വനിത തൊഴിൽ പരിശീലന കേന്ദ്രം എന്ന ഗ്രൂപ്പിന്റെ പേരിൽ I/161 നം. മുറി വാടകയ്ക്ക് നൽകിയിരിക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/14.11.2022) ടിയാൾക്ക് ആർ ആർ നോട്ടീസ് നൽകിയിട്ടുണ്ടെന്നും അടുത്ത പഞ്ചായത്ത് കമ്മറ്റിയിൽ ആയതിന് അജണ്ട ഉൾപ്പെടുത്തുന്നതാണെന്നും I/161 നം. മുറി വാടകയ്ക്ക് നൽകിയിരിക്കുന്നത് ഒരു ഗ്രൂപ്പിനാണെന്നും ശ്രീമതി ഉഷ സാബു ആയതിൽ ഒരു അംഗം മാത്രമാണെന്നും ടി മുറിക്ക് വാടക കുടിശ്ശിക ഇല്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 4/2017 മുതൽ 6/2018 വരെയുള്ള വാടക കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 30.10.2017 ജി.ഒ.(പി) 80/17/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള ഭേദഗതി എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ എലിക്കുളം ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. 2021-22 സാമ്പത്തിക വർഷം എലിക്കുളം ഗ്രാമപഞ്ചായത്തിൽ 203 സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2021-22 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 764 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 155 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 0 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 15 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 31 |
| ഓഫീസ് ആവശ്യം | 62 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 273 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 30 |
| **ആകെ എണ്ണം** | **1330** |

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ 1330 കെട്ടിടങ്ങളെ വാണിജ്യ-വ്യവസായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 203 സ്ഥാപനങ്ങൾക്ക് മാത്രമേ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളൂ. ഇതിൽനിന്നും നിരവധി വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നുണ്ടെന്ന് വ്യക്തമാണ്. 1994ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും പഞ്ചായത്ത് പരിധിയിലുള്ള സ്ഥലം ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തത് മൂലവും ചട്ടലംഘനംമൂലവും ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടവും സംഭവിക്കുന്നു. ലൈസൻസ്, ട്രേഡ്ലിസ്റ്റിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് ട്രേഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-17 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ പഞ്ചായത്ത് പരിധിയിൽ 2021-22 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിലും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1. ട്രിസാസ് ഡെന്റൽ കെയർ

2. സിസിലിയാമ്മ മെമ്മോറിയൽ ഗുഡ് സമരിറ്റൻ ഹോസ്പിറ്റൽ
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/14.11.2022) മേൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് മാത്രം ഈടാക്കിയാൽ മതിയെന്നാണ് ഐ എൽ ജി എം എസ് സംബന്ധമായ പരിശീലന പരിപാടിയിൽ നിർദ്ദേശിച്ചിരുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്തിരാജ് ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടില്ലാത്തതിനാൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 വെട്ടിയിട്ടിരിക്കുന്ന തേക്ക് മരത്തിന്റെ ലേലം സംബന്ധിച്ച് കേസ് - തടി നശിച്ചുപോകുന്ന അവസ്ഥയിൽ

പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ നിർദ്ദിഷ്ട ഓഫീസ് കെട്ടിടനിർമ്മാണത്തിന് തടസ്സമായും, ജീവനക്കാർക്കും, പൊതുജനങ്ങൾക്കും ജീവനും സ്വത്തിനും ഭീഷണിയായും നിൽക്കുന്ന 140 സെന്റീമീറ്റർ ചുറ്റളവുള്ള തേക്കുമരം വെട്ടി ലേലം ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 07.01. 2017 ലെ 1(3) നമ്പർ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി. 13.01.2017 ലെ എ1-5251/17 നമ്പർ കത്ത് പ്രകാരം മരത്തിന്റെ മൂല്യനിർണ്ണയം നടത്തി നൽകണമെന്ന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററോട് ആവശ്യപ്പെട്ടു. 15.12.2017 ലെ എസ്.എഫ് 2-6/2017 നമ്പർ ഉത്തരവ് പ്രകാരം തേക്ക് മരത്തിന്റെ മൂല്യം അസിസ്റ്റന്റ് ഫോറസ്റ്റ് കൺകർവേറ്റർ 68100/രൂപയായി നിർണ്ണയിച്ച് നൽകി. നിരവധി തവണ ലേലവും, പുനർലേലവും നടത്തിയിട്ടും മൂല്യനിർണ്ണയ തുകയിൽ ആരും ലേലം കൊള്ളാത്ത സാഹചര്യത്തിൽ തടിയുടെ വില പുനർനിർണ്ണയിച്ച് നൽകണമെന്ന് സെക്രട്ടറി അസിസ്റ്റന്റ് ഫോറസ്റ്റ് കൺകർവേറ്ററോട് ആവശ്യപ്പെട്ടു. എന്നാൽ ശാസ്ത്രീയമായി നിശ്ചയിച്ചു നൽകിയ വില പുനർ നിർണ്ണയം നടത്തി നൽകുന്നതിന് സാധിക്കില്ലാ എന്ന മറുപടിയാണ് ലഭിച്ചത്. 27.04.2017 ലെ എ 1-1382/17 നമ്പർ കത്ത് പ്രകാരം സാഹചര്യങ്ങൾ വിശദമാക്കി വനം വകുപ്പിൽ നിന്നും ലഭിച്ച വാല്യുവേഷൻ നിരക്കിൽ നിന്നും കുറഞ്ഞ നിരക്കിൽ ലേലം ചെയ്യുന്നതിന് അനുമതി നൽകണമെന്ന് പഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് ഡയറക്ടറോട് അപേക്ഷിച്ചു. 17.05.2017 ലെ സി 1-14783/17 നമ്പർ കത്ത് പ്രകാരം ഷെഡ്യൂൾ നിരക്ക് പ്രകാരം നിശ്ചയിച്ച വാല്യുവേഷൻ നിരക്കിൽ കുറവ് വരുത്താനാകില്ലായെന്ന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുള്ളതിനാൽ നിയമാനുസൃത നടപടി സ്വീകരിച്ച് ശരിയായ മൽസരം ഉറപ്പാക്കി പുനർലേലം നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകി. ഇത് പ്രകാരം പുനർ ലേലം നടത്തി എങ്കിലും ആരും ലേലം വിളിച്ചില്ല. 14.02.2017 ലെ ട്രീകമ്മറ്റി പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ ജീവനക്കാർക്കും, പൊതുജനങ്ങൾക്കും ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന തേക്കുമരം വെട്ടി ലേലം ചെയ്യുന്നതിന് ഉത്തരവായി. ഇതിന്റെ അടിസ്ഥാനത്തിൽ മുറിച്ചിടപ്പെട്ട മരത്തിന് 46470/രൂപ വില നിശ്ചയിച്ച് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ എസ്. എഫ്2-273/19 നമ്പർ കത്ത് പ്രകാരം നൽകിയിട്ടുണ്ട്. 21.06.2017ൽ നടത്തിയ പുനർലേലത്തിൽ ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കൂടിയതുക 21000/ രൂപ ക്വോട്ട് ചെയ്ത റിയാസ് ഖാൻ തേനംമാക്കലിന് ലേലം താല്ക്കാലികമായി ഉറപ്പിച്ച് നൽകുകയും, 22.06.2017 ലെ 3 നമ്പർ തീരുമാനപ്രകാരം ലേലം അംഗീകരിക്കുകയും, ലേല നടപടിക്ക് പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടുന്നതിനു തീരുമാനിക്കുകയും ചെയ്തു. എന്നാൽ പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭിക്കാത്തതിനാൽ തുക ഈടാക്കി തടി റിയാസ് ഖാൻ തേനംമാക്കലിന് നൽകിയില്ല. ഇതിനെതിരെ ടിയാൻ ബഹു.കേരള ഹൈക്കോടതിയിൽ WP (C) 4478/17 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. 03.11.2021 ലെ 22100173/ നമ്പർ വൗച്ചർ പ്രകാരം 5700 രൂപ ചെലവഴിച്ച് വെട്ടിയിട്ട തേക്കുമരം പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ പുറകുവശത്ത് ചങ്ങലകെട്ടി സൂക്ഷിച്ചിരിക്കുകയാണ്. പ്രസ്തുത കേസിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് ഓഡിറ്റിൽ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ17/21-22 ന് ലഭ്യമാക്കിയ മറുപടിയിൽ കേസിൻമേൽ നാളിതുവരെ അന്തിമവിധി ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചത്. കേസ് അനന്തമായി നീണ്ടുപോയാൽ തടി നശിച്ചുപോകും എന്നുള്ളതിനാൽ പ്രസ്തുത വിഷയം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് ഇടക്കാല ഉത്തരവ് നേടിയെടുക്കുന്നതിന് നിയപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 സെക്രട്ടറി നിർവ്വഹണം നടത്തിയ കുഴൽ കിണർ നിർമ്മാണ പ്രോജക്ടുകൾ -അപാകതകൾ

2021-22 സാമ്പത്തിക വർഷം വിട്ടുകിട്ടിയ സ്ഥാപനങ്ങളിലും, ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലും കുഴൽ കിണർ നിർമ്മിക്കുന്നതിനായി നിരവധി പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടുകളുടെ വിശകലനം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | ചെലവ്തുക/ ഫണ്ടിനം | ബിൽ വൗച്ചർ നമ്പർ | തുക ഒടുക്കിയ സ്ഥാപനം |
|---|---|---|---|---|
| 1 | 196/22 ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം | 1394040/ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | XVFC/21-22/P/44/ 30.3.22 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം |
| 2 | 197/22വെറ്ററിനറി ഡിസ്പൻസറിയിൽ കുഴൽ കിണർ നിർമ്മാണം | 250000/MG (റോഡിതരം) | 33/27.3.22 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം |
| 3 | 198/22 ആയുർവേദ ഡിസ്പൻസറിയിൽ കുഴൽ കിണർ നിർമ്മാണം | 250000/MG (റോഡിതരം) | 34/27.3.22 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം |
| 4 | 199/22 വിവിധ അംഗനവാടികളിൽ കുഴൽ കിണർ നിർമ്മാണം | 1007091/MG (റോഡിതരം) | 32/27.03.22 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം |

ക്രമ നമ്പർ (1) പ്രകാരം ഗ്രാമ പഞ്ചായത്തിലെ 16 വാർഡുകളിലും ഓരോ കുഴൽ കിണർ നിർമ്മിക്കുന്നതിനാണ് തുക ഒടുക്കിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, ഒടുക്കിയ തുകയുടെ വിനിയോഗ വിവരം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.8 കുഴൽ കിണർ കുത്തി ഹാൻഡ് പമ്പ് പിടിപ്പിക്കുന്നതിനും 8 കുഴൽ കിണർ കുത്തി എൻഡ് ക്യാപ് പിടിപ്പിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് പ്രകാരമാണ് തുക ഒടുക്കിയിട്ടുള്ളത്. കുഴൽ കിണർ കുത്തി എൻഡ് ക്യാപ് പിടിപ്പിച്ചാൽ എപ്രകാരമാണ് വെള്ളം ഉപയോഗിക്കുന്നത് എന്ന് വ്യക്തമല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/17.11.2022 നുള്ള മറുപടിയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള

പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം തുക അവശേഷിക്കുന്നുണ്ട് എങ്കിൽ എൻഡ് ക്യാപ് പിടിപ്പിക്കുന്ന കുഴൽകിണറുകളിൽകൂടി ഹാൻഡ് പമ്പ് പിടിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നു. ഫണ്ടിന്റെ അപര്യാപ്തമൂലമാണ് 8 കുഴൽ കിണർ കുത്തി എൻഡ് ക്യാപ് പിടിപ്പിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് എടുത്തത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കാവുന്ന വിധത്തിലുള്ള എണ്ണം നിശ്ചയിക്കുന്നതിന് പകരം ലക്ഷ്യപ്രാപ്തി സാധിക്കാത്തവിധം പ്രവൃത്തി നടപ്പാക്കുന്ന രീതി കുഴൽ കിണർ നിർമ്മാണം പോലുള്ള പ്രവൃത്തികളിൽ ഒഴിവാക്കേണ്ടതാണ്.

ക്രമ നമ്പർ (2) (3) എന്നിവ പ്രകാരം കുഴൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കുക, 3000 ലിറ്ററിന്റെ ടാങ്ക് സ്ഥാപിച്ച് , HDPE പൈപ്പ് ഉപയോഗിച്ച് വെള്ളം ടാങ്കിൽ എത്തിക്കുക, കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങളിൽ ഡെലിവറി പൈപ്പുകൾ സ്ഥാപിച്ച് അഞ്ച് ടാപ്പുകൾ വഴി വെള്ളം ലഭ്യമാക്കുക എന്നിവ ഉൾപ്പെട്ട എസ്റ്റിമേറ്റ് പ്രകാരമാണ് തുക ഒടുക്കിയത്. കുഴൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിച്ച് വെള്ളം ടാങ്കിൽ എത്തിക്കുകയും ഒരു ടാപ്പിലേക്ക് ഡെലിവറി പൈപ്പ് വഴി ജലം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടാങ്കിൽ വെള്ളം എത്തിക്കുന്നതിന് HDPE പൈപ്പിന് പകരം പി.വി.സി പൈപ്പാണ് ഉപയോഗിച്ചിട്ടുള്ളത്.3000 ലിറ്ററിന്റെ ടാങ്ക് സ്ഥാപിക്കേണ്ടതിന് പകരം 500 ലിറ്ററിന്റെ ടാങ്കാണ് സ്ഥാപിച്ചിട്ടുള്ളത്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും ഡീറ്റെയിൽഡ് എസ്റ്റിമേറ്റും, വാല്യുവേഷനും ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുന്നതും, എസ്റ്റിമേറ്റിൽ മാറ്റം വന്ന സാഹചര്യം വിശദമാക്കുന്നതിന് കത്ത് നൽകുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

ക്രമ നമ്പർ (4) പ്രകാരം അക്കരക്കുന്ന്, ഇല്ലിക്കോൺ, പേഴത്താനി, വട്ടന്താനം, എന്നീ 4 അങ്കണവാടികളിൽ കുഴൽ കിണർ കുത്തി മോട്ടോർ സ്ഥാപിക്കുന്നതിനും, 3000 ലിറ്ററിന്റെ ടാങ്ക് സ്ഥാപിച്ച്, HDPE പൈപ്പ് ഉപയോഗിച്ച് വെള്ളം ടാങ്കിൽ എത്തിച്ച് കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങളിൽ ഡെലിവറി പൈപ്പുകൾ സ്ഥാപിപ്പ് അഞ്ച് ടാപ്പുകൾ വഴി വെള്ളം ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് പ്രകാരമാണ് തുക ഒടുക്കിയത്. ഇല്ലിക്കോൺ, പേഴത്താനി, വട്ടന്താനം, എന്നീ അങ്കണവാടികൾ സന്ദർശിച്ചതിൽ കുഴൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിച്ച് വെള്ളം ടാങ്കിൽ എത്തിക്കുകയും ഒരു ടാപ്പിലേക്ക് ഡെലിവറി പൈപ്പ് വഴി ജലം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടാങ്കിൽ വെള്ളം എത്തിക്കുന്നതിന് HDPE പൈപ്പിന് പകരം പി.വി.സി പൈപ്പാണ് ഉപയോഗിച്ചിട്ടുള്ളത്. 3000 ലിറ്ററിന്റെ ടാങ്ക് സ്ഥാപിക്കേണ്ടതിന് പകരം 500 ലിറ്ററിന്റെ ടാങ്കാണ് സ്ഥാപിച്ചിട്ടുള്ളത് എന്നും വ്യക്തമായി. ഇല്ലിക്കോൺ അങ്കണവാടിയിൽ സ്ഥാപിച്ച മോട്ടോർ സ്ഥാപിച്ച് രണ്ട് ദിവസങ്ങൾക്ക് ശേഷം കേടായതാണ്. ആയത് നാളിതുവരെ മാറ്റി ലഭിച്ചിട്ടില്ല. അക്കരക്കുന്ന് അങ്കണവാടിയിൽ മോട്ടോർ, ടാങ്ക് മറ്റ് ഫിറ്റിംഗ്സുകൾ എന്നിവ അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്റ്റ് പ്രകാരം സ്ഥാപിച്ചിട്ടുള്ളതാണ് എന്ന് കാണുന്നു. ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/17.11.2022) ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച വിശദീകരണം ഉൾപ്പെടുത്തിയിട്ടില്ല. കുഴൽ കിണർ കുത്തുന്നത് ഒഴികെയുള്ള ഒരു പ്രവൃത്തിയും ഗ്രൗണ്ട് വാട്ടർഡിപ്പാർട്ട്മെന്റ് അക്കരക്കുന്ന് അങ്കണവാടിയിൽ നടത്തിയിട്ടില്ല. ടി പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്റ്റ് പ്രകാരം നിർവ്വഹിച്ചിട്ടുള്ളതിനാൽ ഇനി നടത്തേണ്ടതുമില്ല. പ്രസ്തുത ഇനങ്ങളിൽ അടവാക്കിയ തുക തിരികെ ലഭ്യമാക്കേണ്ടതാണ്. മോട്ടോർ സ്ഥാപിച്ച് ടാങ്കിൽ ജലം എത്തിച്ച് വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്റ്റ് തയ്യാറാക്കണമെങ്കിൽ കുഴൽകിണർ മുൻപേ ഉണ്ടാകേണ്ടതാണ്. ഇത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തി തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-20 ഇ ടെന്റർ -ടെന്റർ ഫീസ് പഞ്ചായത്തിന് ലഭ്യമായില്ല.**

ഗ്രാമപഞ്ചായത്തിൽ 2021-22വർഷം ചുവടെ ചേർക്കും പ്രകാരം 7 പ്രവൃത്തികൾ ഇടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സി.എൻജിനീയരുടെ അക്കൗണ്ടിലാണ് വരവുള്ളത്.

| പ്രോജക്റ്റ് | ടെണ്ടർ ഫീസ് | ടെണ്ടറുകളുടെ എണ്ണം | ആകെ ടെണ്ടർ ഫീ |
|---|---|---|---|
| 161/22,മുത്താരമ്മൻകോവിൽ-കൊപ്രാക്കളം റോഡ് ടാറിംഗ് | 1298 | 3 | 3894 |
| 165/22, | 1298 | 1 | 1298 |
| 42/22, | 1298 | 2 | 2596 |
| 106/22, | 1298 | 2 | 2596 |
| 37/22 | 1298 | 2 | 2596 |
| 62/22, | 1298 | 2 | 2596 |
| 165/22, | 1298 | 1 | 1298 |
| ആകെ | 16874/ | | 16874 |

തൻവർഷം ലഭിക്കാനുള്ള 16874/- രൂപയും മുൻവർഷങ്ങളിലെ ഇ ടെണ്ടർ ഫീസായി എക്സി.എൻജിനീയരുടെ അക്കൗണ്ടിൽ നില്ക്കുന്നതുമായ ആകെ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-21 നീക്കം ചെയ്ത മണ്ണ് -ലേലം ചെയ്തില്ല.**

1)അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് ആഫീസ് കെട്ടിടനിർമ്മാണം എന്ന പ്രവൃത്തിക്കായി 19-10-20 ലെ എൻജിനീയരുടെ സർവ്വെ റിപ്പോർട്ട് പ്രകാരം 357.54 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്തതായും 275/M3 മാർക്കറ്റ് നിരക്ക് പ്രകാരം 98323/രൂപ വിലയുള്ളതായും അറിയിച്ചിട്ടുണ്ട്. മണ്ണ് നിലവിൽ സൈറ്റിന് സമീപമുള്ള പ്ലോട്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.
2)അസി.എൻജിനീയർ നടപ്പാക്കിയ പ്രോജക്റ്റ് നം.151/22, ഉരുളികുന്നം ഇൻഡോർ സ്റ്റേഡിയം നിർമ്മാണം എന്ന പ്രോജക്റ്റിൽ എക്സ്ട്രാ ഇനം 1 ആയി നീക്കം ചെയ്ത മണ്ണിന്റെ വിവരം കാണിക്കുന്ന സർവ്വെ റിപ്പോർട്ടിൽ 234 ക്യൂബിക് മീറ്റർ മണ്ണ് നീക്കി പ്രവൃത്തിനടക്കുന്ന സൈറ്റിൽ സൂക്ഷിച്ചിരിക്കുന്നതായും ക്യൂബിക് മീറ്ററിന് 275/രൂപ നിരക്കിൽ 64350/രൂപ മൂല്യമുള്ളതായും വ്യക്തമാക്കിയിട്ടുണ്ട് (എം.ബുക്ക് 42/20-21,പേജ്.42). മണ്ണ് ലേലംചെയ്തതിന്റെ വിവരം, ലേലം നടന്നില്ലയെങ്കിൽ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.
മേൽ ചേർത്ത പ്രകാരം നിർമ്മാണപ്രവൃത്തികൾക്കായി നീക്കം ചെയ്ത മണ്ണിന് സർവ്വെ റിപ്പോർട്ടുകൾ പ്രകാരം ആകെ മൂല്യം 162673/-രൂപയാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.02/14.11.2022 നുള്ള മറുപടിയിൽ മണ്ണ് സൈറ്റിൽ സ്റ്റോക്ക് ചെയ്ത് സർവ്വേ റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറിക്ക് നൽകിയിട്ടുണ്ടെന്നുമാണ്. മഴയും വെയിലുമേറ്റ് കിടക്കുന്ന മണ്ണിന്റെ അളവ് പ്രതിദിനം കുറഞ്ഞ് വരികയുമാണ്. നിലവിൽ ഇത്രയും മണ്ണ് ഉപയോഗിയ്ക്കേണ്ടിവരുന്ന ഫില്ലിംഗ് പ്രവൃത്തികൾ നടക്കാത്ത സാഹചര്യത്തിൽ മണ്ണ് ലേലം ചെയ്ത് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-22 കാലി ബാരൽവിലയും ജി.എസ്.ടിയുമുൾപ്പെട്ട തുക പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.**

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം അസി.എൻജിനീയർ നടപ്പിലാക്കിയ 22 ടാറിംഗ് ,റീടാറിംഗ് പ്രവൃത്തികൾക്കായി ടാർ ഉപയോഗിച്ചതിന്റെ കാലിബാരലുകളുടെ വിലയിനത്തിൽ 77882 രൂപയും ഇതിൻമേലുള്ള ജി.എസ്.ടി 14018/ രൂപയുമുൾപ്പെടെ ആകെ 91900/രൂപ ബില്ലുകളിൽ നിന്നും കിഴിവ് ചെയ്ത് തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വ്യക്തമാകുന്നു. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30-10-2007 ലെ സർക്കുലർ നം.59827/ എഫ്.എം/07 പ്രകാരം കാലി ബാരലുകളുടെ വിലപ്രവൃത്തികൾക്ക് ചെലവഴിച്ച ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ജി.എസ്.ടി സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്. നടപടികൾ പൂർത്തീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-23 പാലിയേറ്റീവ് ജറിയാട്രിക് പരിചരണം- മെഡിക്കൽ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 08/21-22, അരികെ – പാലിയേറ്റീവ് ജറിയാട്രിക് പരിചരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| അടങ്കൽ | 815000/- (വികസന ഫണ്ട് – പൊതുവിഭാഗം) |
| ചെലവ് | 749217/- (വികസന ഫണ്ട് – പൊതുവിഭാഗം) |

പാലിയേറ്റീവ് ജറിയാട്രിക് പരിചരണത്തിന് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പഞ്ചാബ് നാഷണൽ ബാങ്കിലെ 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് ബിൽ നം. 16/02.03.2022 പ്രകാരം 139067/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം. 36/18.04.2022, 11246/17.09.2022, 11250/17.09.2022 എന്നിവ പ്രകാരം യഥാക്രമം 100210/-, 2239/-, 21597/- രൂപയുടെ (ആകെ - 124046/-രൂ) മെഡിക്കൽ ഉപകരണങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 15021/- രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/14.11.2022) ബാക്കി തുകയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മുഴുവൻ തുകയ്ക്കും ഉപകരണങ്ങൾ ലഭ്യമാകുന്നതുവരെ 15021/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-24 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 09/21-22, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | 1,50,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 1,50,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം., തീയതി | 1/21-22, 14.01.2022 – 100000/-<br>2/21-22, 03.02.2022 - 50000/- |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് മേൽപ്പറഞ്ഞ രണ്ട് ബില്ലുകൾ പ്രകാരം 150000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം. എൽ എഫ് 70/27.05.2022, എൽ എഫ് 282/06.07.2022 എന്നിവ പ്രകാരം യഥാക്രമം 39800/-, 50000/- രൂപയുടെ (ആകെ - 89800/-) മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 60200/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിന്റെ ലഭ്യതാവിവരം സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/14.11.2022) ബാക്കി തുകയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 60200/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-25 എം.ജി.എം.യു.പി.സ്കൂളിൽ ബയോഗ്യാസ് പ്ലാന്റ് -നിർവഹണ ഏജൻസിക്ക് അധികതുക നല്കി.**

ഗ്രാമപഞ്ചായത്തിന്റെ 090/19- ാം നമ്പർ പ്രോജക്ടായ എം.ജി.എം.യു.പി.സ്കൂളിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം എന്ന പ്രവൃത്തിക്ക് ശുചിത്വമിഷൻ എക്സി.ഡയറക്ടർ 09-03-2019 ലെ നം.4668/സി.6/2012/എസ്.എം കത്ത് മുഖേന സാങ്കേതികാനുമതി നല്കുകയുണ്ടായി. അത് പ്രകാരം പ്രതിദിനം 50 കിലോഗ്രാം മാലിന്യ സംസ്കരണ ശേഷിയുള്ള ഫിക്സഡ് ഡോം ടൈപ്പ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നിലവിലെ ഡി.എസ്.ആർ 2016 (കോസ്റ്റ് ഇൻഡക്സ് 44.12%) പ്രകാരം കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് ഒഴിവാക്കിയും ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയുമുള്ള നിരക്കിൽ അക്രഡിറ്റഡ് ഏജൻസി മുഖേന നിർവഹണം നടത്തുന്നതിന് എസ്റ്റിമേറ്റ് തയാറാക്കിയ ആകെ അടങ്കൽ തുക 200000/ആയി നിശ്ചയിച്ച പ്രവൃത്തിക്ക് നിബന്ധനകളുടെ അടിസ്ഥാനത്തിൽ 4668/സി.6/2012/എസ്.എം/08/03/2019 നമ്പരായി സാങ്കേതികാനുമതി ലഭിച്ചു.

195/20 നമ്പർ പ്രോജക്ടായി സ്പിൽ ഓവറായി പ്രവൃത്തി നടത്തുന്നതിന് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന് സ്ഥാപനവുമായി നിർവഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയറുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രവൃത്തി 138/22 നമ്പർ സ്പിൽ ഓവർ പ്രോജക്ടായി തുടർന്ന് 2021-22ൽ തുക നല്കിയതായി കാണുന്നു.(തീയതി ചേർത്തിട്ടില്ല). പ്രവൃത്തിയുടെ ഫയലുകൾ, എം ബുക്ക് എന്നിവ പരിശോധിച്ചത് പ്രകാരം കരാറിലും പ്രവൃത്തിയിലും ചുവടെ ചേർക്കുംവിധം അപാകതകൾ കാണുന്നു.

1.സാങ്കേതികാനുമതി ലഭിച്ചത് 2 ലക്ഷം രൂപയ്ക്കാണ്. എന്നാൽ ഫയലിൽ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് 245000/ രൂപയുടേതാണ്.

2. സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ ഫിക്സഡ് ഡോം ടൈപ്പ് ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം 130979.05/, സപ്ലെ & ഇൻസ്റ്റലേഷൻ ഓഫ് എക്വിപ്മെന്റ് 3500/, സാങ്കേതിക സഹായം, പരിശീലനം എന്നിവയ്ക്കുള്ള കൺസൾട്ടൻസി ചാർജ്

20000/,1200ലിറ്റർ വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനുള്ള മെറ്റീരിയൽ കോസ്റ്റ്, പ്ലംബിംഗ് പ്രവൃത്തികൾക്കുള്ള ചാർജ് 6500, മാനേജ്മെന്റ് ചാർജ്, ടാക്സ് എന്നിവ 39020.95/ ആകെ -200000/

3.പ്രവൃത്തിയുടെ എം.ബുക്ക് പ്രകാരം പേജ് 47 സപ്ലെ & ഇൻസ്റ്റലേഷൻ ഓഫ് എക്വിപ്മെന്റ്സ് ൽ ഇനം 25 Mm GI (Medium) ഗ്യാസ് ഔട്ട് ലെറ്റ് പൈപ്പ് Etc. ന് അനുവദിച്ച തുക 6500/ആണ്. എന്നാൽ സാങ്കേതികാനുമതി 3500/രൂപയ്ക്ക് മാത്രമാണ്. മാത്രമല്ല എസ്റ്റിമേറ്റ് പ്രകാരവും ഈ ഇനത്തിന് അനുവദനായമായത് 3500/രൂ മാത്രമാണ്. 3000/രൂപ അധികം നല്കിയിരിക്കുന്നു.

4.സാങ്കേതികാനുമതിയിൽ ഉൾപ്പെട്ടിട്ടുള്ള 1200 ലിറ്റർ വാട്ടർടാങ്ക് (6500/)പ്ലംബിംഗ് ഉൾപ്പെടെ പൂർത്തിയാക്കി സ്ഥാപിച്ചിട്ടില്ല. എസ്റ്റിമേറ്റിന്റെ അബ്സ്ട്രാക്ടിൽ ഇതുൾപ്പെടുത്തിയെങ്കിലും ഡീറ്റയിൽഡ് എസ്റ്റിമേറ്റിൽ ചേർത്തിട്ടുമില്ല. പ്ലാന്റിന്റെ പ്രവർത്തനത്തിൽ ഇത് അവശ്യം വേണ്ടതാണെങ്കിൽ നടപ്പിലാക്കാത്തത് പ്ലാന്റിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകും. ഇക്കാര്യം നിർവഹണ ഉദ്യോഗസ്ഥൻ പരിഗണിച്ചതായി കാണുന്നില്ല. ക്രമനം.3 ൽ ഉൾപ്പെടുത്തി നല്കിയതുക ഈ 6500/രൂപയാണ്.

5.സോഷ്യോ ഇക്കണോമിക് യൂണിറ്റിന് തുക നല്കിയതിലും അപാകതകളുണ്ട്. 2016 ഡി.എസ്.ആർ കോസ്റ്റ് ഇൻഡക്സ് 44.12 പ്രകാരമുള്ളത് ജി.എസ്.ടി ഉൾപ്പെടുത്തിയുള്ളതാണ്. ഡി.എസ്.ആർ 37.29 കോസ്റ്റ് ഇൻഡക്സ് ആയി ജി.എസ്.ടി ഇല്ലാത്ത നിരക്ക് പ്രാബല്യത്തിൽ വന്ന ശേഷമാണ് ഇത് കൂട്ടി നല്കാൻ അനുമതിയുള്ളത്. അതുപ്രകാരം സോഷ്യോ ഇക്കണോമിക് യൂണിറ്റിന് അനുവദിക്കാവുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| അനുവദിച്ചത് | അനുവദിക്കാവുന്നത് |
|---|---|
| പ്രവൃത്തിമൂല്യം -181611<br>കൂട്ടുക-ജി .എസ്.ടി&<br>നിർമാണത്തൊഴിലാളി<br>ക്ഷേമനിധി (5+1)6% -10897<br>ആകെ -192508<br>കുറയ്ക്കുക<br>ആദായനികുതി- 3632<br>നിർമാണത്തൊഴിലാളി<br>ക്ഷേമനിധി - 1816<br>ജി.എസ്.ടി -3632<br>സോഷ്യോഇക്കണോമിക് യൂണിറ്റിന് -183428.<br>തുക നല്കിയത്.<br>വൗച്ചർനം.450210101/06-12-21 -183428/<br>വൗച്ചർനം.22100569/06-12-21 – 9062/ | പ്രവൃത്തിമൂല്യം -181611.<br>കുറയ്ക്കുക<br>ജി.എസ്.ടി 2% -3632<br>ആദായനികുതി 1%-1816<br>നിർമാണത്തൊഴിലാളി<br>ക്ഷേമനിധി 1% - 1816<br>സോഷ്യോഇക്കണോമിക് യൂണിറ്റിന് -174347<br>അധികമായി<br>നല്കിയത്-9081. |

കൂടാതെ ക്രമനം.3 ൽ ചേർത്ത പ്രകാരം അധികം നല്കിയ 3000/രൂപയുമുൾപ്പെടെ ആകെ 12081/രൂപ സോഷ്യോഇക്കണോമിക് യൂണിറ്റിന് അധികം അനുവദിച്ചിട്ടുണ്ട്.

എം.ബുക്ക് പേജ് 40ൽ രേഖപ്പെടുത്തി അനുവദിച്ച 20000/രൂപ പ്ലാന്റ് കമ്മീഷൻ ചെയ്ത് ആദ്യ ആറുമാസം സാങ്കേതിക സഹായം നല്കുന്നതിനും പരിശീലനം നല്കുന്നതിനും അനുവദനീയമായതാണ്.എന്നാൽ പരിശീലനം ലഭിച്ചതിന്റെ ഉൾപ്പെടെ വിവരം ഇല്ല.

2018-19,2019-20 വർഷങ്ങളിലായി നിർമ്മാണപ്രവൃത്തികൾ നടന്ന പ്രോജക്ടിന്റെ പേമെന്റ് 2021- 22 വരെ കാലതാമസം വരുത്തിയതിന്റെ കാരണവും വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.13/15-11-22 നുള്ള മറുപടിയിൽ സ്ഥാപനത്തിൽ മറ്റ് വിധത്തിൽ വെള്ളത്തിന്റെ ലഭ്യത ഉണ്ടായിരുന്നതിനാൽ 1200 ലിറ്റർ ടാങ്ക് സ്ഥാപിക്കുകയും തുക അനുവദിക്കുകയും ചെയ്തില്ലയെന്നും ശുചിത്വമിഷൻ ഫണ്ട് ലഭിക്കുന്നതിലുണ്ടായ കാലതാമസവും മറ്റും മൂലമാണ് ബിൽ നല്കുന്നതിന് കാലതാമസമുണ്ടായതെന്നും അറിയിച്ചു. സാങ്കേതിക സഹായവും പരിശീലനവും സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ ലഭ്യമാക്കിയിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി.അധികമായി നല്കിയ തുക സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ നിന്ന് തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചു.

സോഷ്യോഇക്കണോമിക് യൂണിറ്റിന് അധികം നല്കിയ 12081/-രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-26 ഇൻഡോർ സ്റ്റേഡിയം- ഭാഗിക നിർമ്മിതിയാക്കി അവസാനിപ്പിച്ചു.**

അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഉരുളികുന്നം ഇൻഡോർ സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തി (പ്രോ.151/22) സന്തോഷ് തോമസ് ചരളയിൽ ന്റെ കുറഞ്ഞ തുകയുടെ ടെണ്ടർ അംഗീകരിച്ച് 22-02-21ൽ കരാർ വച്ച് പ്രവൃത്തി ആരംഭിക്കുകയും 24-11-21ലെ 1(13) തീരുമാനപ്രകാരം സ്ട്രക്ചറൽ ഡിസൈനിൽ മാറ്റം വരുത്തി എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തു. ചെക്ക് നം.804037/22-02-22 പ്രകാരം 134835/-രൂ (തനത് ഫണ്ട്), 804036/22-02-22 പ്രകാരം 500000/-(ജില്ലാ പഞ്ചായത്ത് വിഹിതം), ബിൽ നം.07/21-22/06-01-22 പ്രകാരം 363617/രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) വീതം ആകെ

998452/രൂപ പ്രസ്തുത പ്രവൃത്തിക്കായി ചെലവഴിച്ചു. (എം.ബുക്ക് 42/20-21,പ്രവൃത്തിമൂല്യം 891475/,)





എന്നാൽ 8മീ ഉയരത്തിൽ 12 തൂണുകൾ സ്ഥാപിച്ച് അലുമിനിയം ഷീറ്റിട്ട ഒരു സ്ട്രക്ചർ നിർമ്മിച്ചതാണ് ആകെയുള്ള പ്രവൃത്തി. നിലവിൽ യാതൊരുവിധ കായിക മത്സരങ്ങൾക്കും സാധ്യമല്ലാത്തവിധം ശരിയായി മണ്ണ് ഫില്ലിംഗ് പോലും നടത്തി നിരപ്പാക്കാത്ത നിലയിലാണുള്ളത്. പ്രവൃത്തി സ്പിൽ ഓവറായി തുടരാതെയും പൂർത്തീകരണത്തിന് തൻവർഷം പദ്ധതി പോലും ആവിഷ്കരിക്കാതെയും അവസാനബില്ലുൾപ്പെടെ നല്കി നിഷ്പ്രയോജനകരമായി നിഷ്ക്രിയാവസ്ഥയിൽ പ്രസ്തുത നിർമ്മിതി അവശേഷിക്കുന്നു. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.14/16-11-22 നുള്ള മറുപടിയിൽ 15x7മീറ്റർ അളവിലാണ് ഒറിജിനൽ എസ്റ്റിമേറ്റു പ്രകാരം നിർദ്ദേശിച്ചതെന്നും എന്നാൽ പ്രോജക്ടിന്റെ നിർവഹണവേളയിൽ ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശപ്രകാരം 18.4x8.4മീ അളവിൽ മാറ്റം വരുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് നിർമ്മാണം നടത്തിയതെന്നും ആയതിനാൽ വകയിരുത്തിയ തുകയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വരികയും 2022-23 ൽ 12 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് വച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രോജക്ട് ഉപേക്ഷിക്കുകയും ചെയ്തതിനാലാണ് നിലവിലെ അവസ്ഥയിൽ തുടരുന്നതെന്നും അറിയിച്ചു. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്.

പ്രവൃത്തി പൂർത്തീകരിച്ച് ലക്ഷ്യപ്രാപ്തി കൈവരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ 998452/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-27 ഗ്രാമപഞ്ചായത്ത് മന്ദിരം പൂർത്തീകരിച്ച് അന്തിമബിൽ നല്കിയില്ല.**

ഗ്രാമ പഞ്ചായത്തിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിനായി വികസനഫണ്ട്, ധനകാര്യകമ്മീഷൻഗ്രാന്റ്, തനത് ഫണ്ട് എന്നിവയുൾപ്പെടെ ആകെ 1.5 കോടി രൂപ വകയിരുത്തി 056/19 നമ്പരായി പ്രോജക്ട് തയാറാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയുണ്ടായി. കുറഞ്ഞ തുകയുടെ ടെണ്ടർ നല്കിയ പുലരി ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് ഇന്ത്യ (പ്രൈ) ലിമിറ്റഡ് (ടെന്റർ തുക 12444444.53/)ന് 23-02-19 ന് സെലക്ഷൻ നോട്ടീസ് അയക്കുകയും 27-02-2019 ന് കരാർ വയ്ക്കുകയും 07-04-2019 ൽ സൈറ്റ് കൈമാറുകയും ചെയ്തു. 31-12-2019 വരെയാണ് പ്രവൃത്തി കാലാവധി നല്കിയിരുന്നത്. എന്നാൽ 264/20,208/21,136/22 നമ്പർ പ്രോജക്ടുകൾ പ്രകാരം പ്രവൃത്തി തുടരുകയുണ്ടായി.

കരാറുകാരന് നല്കിയ തുകകളുടെ വിവരം.

| തീയതി | ബിൽ തുക | തുകയുടെ ഇനവിവരം |
|---|---|---|
| 30-12-2019 | 3100223/ | ആദായനികുതി - 31002<br>നിർമ്മാണതൊഴിലാളി ക്ഷേമനിധി-31002<br>GST -62004<br>റിട്ടൻഷൻ - 77506<br>കരാറുകാരൻ - 2898709 |
| 21-10-2020 | 2625533/ | ആദായനികുതി-83513<br>നിർമ്മാണതൊഴിലാളി ക്ഷേമനിധി-26255<br>GST -52510<br>റിട്ടൻഷൻ - 65638<br>കരാറുകാരൻ - 2397617 |
| 24-03-2021 | 2972172/ | ആദായനികുതി-55443<br>നിർമ്മാണതൊഴിലാളി ക്ഷേമനിധി-29722<br>GST -59444<br>റിട്ടൻഷൻ - 74304<br>കരാറുകാരൻ -2749259 |
| 30-03-2022 | 536627/ | ആദായനികുതി-10733<br>നിർമ്മാണതൊഴിലാളി ക്ഷേമനിധി-5367<br>GST -10732 |

| | | | |
|---|---|---|---|
| | | | കരാറുകാരൻ -509795 |

31-03-2022 വരെ 9234555/രൂപയാണ് ലഭ്യമായ ഫയലുകൾ പ്രകാരം കാണപ്പെടുന്ന ചെലവ്. 19-12-2019 ലെ കരാറുകാരന്റെ കത്ത് പ്രകാരം 90 ദിവസം കാലാവധി നീട്ടാൻ അപേക്ഷ നല്കിയതല്ലാതെ പിന്നീട് സമയദൈർഘ്യം ആവശ്യപ്പെട്ട് കരാറുകാരൻ അപേക്ഷ നല്കിയിട്ടില്ല. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് അന്തിമ ബിൽ നല്കിയതിന്റെ വിവരം ഇല്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം.21/17-11-22) പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി 31-08-2021 വരെ ദീർഘിപ്പിച്ചിരുന്നതായും 25-09-2021 ൽ പ്രവൃത്തി പൂർത്തീകരിച്ചതായും അറിയിച്ചു. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഫൈനൽ ബിൽ നല്കി കരാർ അവസാനിപ്പിക്കുന്നതാണെന്നും അറിയിച്ചു. നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

## 1-28 വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല - 6201241/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2021-22 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകൾക്കായി ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരണ/തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല.

| ക്രമനമ്പർ | പ്രോജക്ട് വിവരങ്ങൾ | ഒടുക്കിയതുക ഫണ്ടിനം | തുക ഒടുക്കിയ സ്ഥാപനം | ബിൽ നമ്പര / വൗച്ചർ നമ്പർ |
|---|---|---|---|---|
| 1 | 03/22 എെ.കെ.എം, വിഹിതം | 64513/രൂപ<br>വികസനഫണ്ട് | ഐ.കെ.എം | 8/21-22/ 10.08.21 |
| 2 | 02/22 എസ്.എസ്.എ. വിഹിതം | 200000/രൂപ വികസനഫണ്ട് | ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസ്, എസ്.എസ്.കെ, കോട്ടയം | 07/21-22/ 10.08.21- |
| 3 | 107/22 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 2856000രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>179597 തനത്ഫണ്ട് | കെ.എസ്.ഇ.ബി. | 22100568/ 10.3.22 -1428000/<br>22100364/ 21.1.22/ 171643/<br>22100364/21.1.22-232648/<br>22100266/23.12.21-1195352/<br>22100365/21.1.22-7954 |
| | 196/22 ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം | 1394040/ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഗ്രൗണ്ട് വാട്ടർ അതോറിറ്റി, കോട്ടയം | XVFC/21-22/P/44/ 30.3.22 |
| | 197/22വെറ്ററിനറി ഡിസ്പൻസറിയിൽ കുഴൽ കിണർ നിർമ്മാണം | 250000/ മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | ഗ്രൗണ്ട് വാട്ടർ അതോറിറ്റി, കോട്ടയം | 33/27.3.22 |
| | 198/22 ആയുർവേദ ഡിസ്പൻസറിയിൽ കുഴൽ കിണർ നിർമ്മാണം | 250000/ മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | ഗ്രൗണ്ട് വാട്ടർ അതോറിറ്റി, കോട്ടയം | 34/27.3.22 |
| | 199/22 വിവിധ അംഗനവാടികളിൽ കുഴൽ കിണർ നിർമ്മാണം | 1007091/ മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | ഗ്രൗണ്ട് വാട്ടർ അതോറിറ്റി, കോട്ടയം | 32/27.03.22 |
| | ആകെ | 6201241/രൂപ | | |

മേൽ പ്രസ്താവിച്ച പ്രോജക്ടുകളുടെ പൂർത്തീകരണ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/17.11.22 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ പൂർത്തീകരണ വിവരങ്ങൾ വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ 6201241/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ലൈഫ് ഭവന പദ്ധതി- അവലോകനം

2021-22 വർഷം 19/22, 20/22, 99/22 പ്രോജക്ടുകൾ പ്രകാരമാണ് യഥാക്രമം ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലൈഫ് ഭവന പദ്ധതി നടപ്പാക്കിയത്. ജനറൽ വിഭാഗത്തിൽ 9, പട്ടികജാതി വിഭാഗത്തിൽ 2 എന്നിങ്ങനെ 11 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങലിന് ധനസഹായം നൽകി. ഭവനനിർമ്മാണ പൂർത്തീകരണം സംബന്ധിച്ച ഗുണഭോക്താക്കളുടെ വിശദാംശം താഴെ ചേർക്കുന്നു.

| വിഭാഗം | ഗുണഭോക്താക്കൾ | നിലവിൽ ഭവനനിർമ്മാണം പൂർത്തിയാക്കിയവർ | ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|
| ജനറൽ | 10 | 4 | 6 |
| പട്ടികജാതി | 6 | 4 | 2 |
| പട്ടികവർഗ്ഗം | 1 | 0 | 1 |
| ആകെ | 17 | 8 | 9 |

ലൈഫ് മൂന്നാം ഘട്ടത്തിൽ ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള ഗുണഭോക്താക്കളുടെ വിവരം ലൈഫ് രജിസ്റ്റർ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ വാർഡ് | വിഭാഗം | കരാർ തീയതി | 2021-22 വർഷം കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1. | സലി എൻ.വി നെല്ലുവേലിൽ /വാർഡ്-5 | ജനറൽ | 09/09/2021 | 80,000/- |
| 2. | ചെല്ലദുരൈ വേങ്ങത്താനം /വാർഡ്-10 | പട്ടികജാതി | 27/01/2022 | 40,000/- |
| 3. | ശോഭന എസ് പാക്കുപറമ്പിൽ/ വാർഡ്-9 | പട്ടികവർഗ്ഗം | 20/1/22 | 1,40,000/- |
| 4. | അർജ്ജുനൻ, എം. വി മേതല്ലൂർ /വാർഡ്-9 | ജനറൽ | 10/02/2022 | 40000/- |
| 5. | മഞ്ചു രാജൻ കമ്പിപ്പറമ്പിൽ /വാർഡ്-9 | പട്ടികജാതി | 03/02/2022 | 40,000/- |
| 6. | ഉഷ അപ്പുക്കുട്ടൻ തെക്കുപുറത്ത്/ വാർഡ്-9 | ജനറൽ | 25/01/2022 | 40000/- |
| 7. | ഷിനി ജോണി കളരിപ്ളാക്കൽ/ വാർഡ്-02 | ജനറൽ | 04/02/2022 | 40000/- |
| 8. | ഗ്രേസി എം.ജെ, കണ്ടപ്ലാക്കൽ/ വാർഡ്-01 | ജനറൽ | 17/02/2022 | 40,000/- |
| 9. | മേരിക്കുട്ടി മാത്യു നടുവത്തുകാവുങ്കൽ /വാർഡ്-06 | ജനറൽ | 05/01/2022 | 40000/- |

ലൈഫ് മിഷൻ എല്ലാ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തിയാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും കൃത്യമായി മോണിട്ടറിംഗ് നടത്തേണ്ടതുമാണ്.

## 1-30 ആശ്രയ ഭവനപുനരുദ്ധാരണം- പണി പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നം -16/22

നിർവ്വഹണോദ്യോഗസ്ഥൻ - വി.ഇ.ഒ

ആശ്രയ ഭവന പുനരുദ്ധാരണം പൂർത്തിയാക്കാനുള്ള ഗുണഭോക്താക്കളുടെ വിവരം രജിസ്റ്റർ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ വാർഡ് | വിഭാഗം | കരാർ തീയതി | 2021-22 വർഷം കൈപ്പറ്റിയ തുക/തീയതി |
|---|---|---|---|---|
| 1. | തങ്കമ്മ ആലയ്ക്കൽ മടുക്കക്കുന്ന്. വാർഡ് 16 | ജനറൽ | 14/02/2022 | 50,000/-31.03.2022 |
| 2. | സൗദാമിനി ബാബു നായിപുരയിടത്തിൽ,ഞണ്ടുപാറ, വാർഡ് 16 | ജനറൽ | 08/02/2022 | 50,000/-31.03.2022 |

ഭവനപുനരുദ്ധാരണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും കൃത്യമായി മോണിട്ടറിംഗ് നടത്തേണ്ടതുമാണ്.

## 1-31 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ പ്രധാനം ഡോമിസിലിയറി കെയർ സെന്റർ (ഡി.സി.സി) നടത്തിപ്പായിരുന്നു. ഗ്രാമപഞ്ചായത്തിലെ പൈക കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലാണ് ഡി.സി.സി പ്രവർത്തിച്ചത്. ജില്ലാ കളക്ടറുടെ 28.12.20 ലെഡി.എം.1-2717/20/ CFLTC നമ്പർ ഉത്തരവ് പ്രകാരം ഡി.സി.സി. ആരംഭിക്കുന്നതിന് അനുമതി ലഭിച്ചു. 28-04-2021 മുതൽ ഡി.സി.സി പ്രവർത്തനം ആരംഭിച്ചു. മറ്റ് കോവിഡ് പ്രതിരോധപ്രവർത്തനങ്ങളായ സാമൂഹ്യഅകലം പാലിക്കൽ,കണ്ടൈൻമെന്റ് സോണുകൾ വേർതിരിക്കൽ ,ശുചിത്വം പാലിക്കൽ തുടങ്ങിയവയും ഏർപ്പെടുത്തിയിരുന്നു.

ഡി.സി.സി.യിലെ ജീവനക്കാരുടെ വേതനം,സുരക്ഷാഉപകരണങ്ങൾ,രോഗബാധിതരായവർക്കുള്ള താമസ ഭക്ഷണ സൗകര്യങ്ങൾ, ആംബുലൻസ് സേവനങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ എന്നിങ്ങനെ ഗ്രാമപഞ്ചായത്ത് വൻ തുക മുടക്കേണ്ടിയിരുന്ന പ്രവർത്തനങ്ങളാണ് കോവിഡ് പ്രതിരോധത്തിന് ഏറ്റെടുക്കേണ്ടി വന്നത്. 899996/- രൂപയാണ് പഞ്ചായത്ത് കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി ചെലവഴിച്ചത്. ജില്ലാ ദുരന്തനിവാരണ അതോറിട്ടിയിൽ നിന്ന് 839996/- രൂപ തിരികെ ലഭിച്ചിട്ടുണ്ട്. 60000 രൂപയാണ് ഇനിയും തിരികെ ലഭിക്കാൻ അവശേഷിക്കുന്നത്. കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എം.ജി.എം.യു.പി.സ്കൂളിൽ ബയോഗ്യാസ് പ്ലാന്റ് -നിർവഹണ ഏജൻസിക്ക് അധികതുക നല്കി.

ഗ്രാമപഞ്ചായത്തിന്റെ 090/19- ാം നമ്പർ പ്രോജക്ടായ എം.ജി.എം.യു.പി.സ്കൂളിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം എന്ന പ്രവൃത്തിക്ക് ശുചിത്വമിഷൻ എക്സി.ഡയറക്ടർ 09-03-2019 ലെ നം.4668/സി.6/2012/എസ്.എം കത്ത് മുഖേന സാങ്കേതികാനുമതി നല്കുകയുണ്ടായി. അത് പ്രകാരം പ്രതിദിനം 50 കിലോഗ്രാം മാലിന്യ സംസ്കരണ ശേഷിയുള്ള ഫിക്സഡ് ഡോം ടൈപ്പ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നിലവിലെ ഡി.എസ്.ആർ 2016 (കോസ്റ്റ് ഇൻഡക്സ് 44.12%) പ്രകാരം കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് ഒഴിവാക്കിയും ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയുമുള്ള നിരക്കിൽ അക്രഡിറ്റഡ് ഏജൻസി മുഖേന നിർവഹണം നടത്തുന്നതിന് എസ്റ്റിമേറ്റ് തയാറാക്കിയ ആകെ അടങ്കൽ തുക 200000/ആയി നിശ്ചയിച്ച പ്രവൃത്തിക്ക് നിബന്ധനകളുടെ അടിസ്ഥാനത്തിൽ 4668/സി.6/2012/എസ്.എം/08/03/2019 നമ്പരായി സാങ്കേതികാനുമതി ലഭിച്ചു.

195/20 നമ്പർ പ്രോജക്ടായി സ്പിൽ ഓവറായി പ്രവൃത്തി നടത്തുന്നതിന് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന് സ്ഥാപനവുമായി നിർവഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയറുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രവൃത്തി 138/22 നമ്പർ സ്പിൽ ഓവർ പ്രോജക്ടായി തുടർന്ന് 2021-22ൽ തുക നല്കിയതായി കാണുന്നു.(തീയതി ചേർത്തിട്ടില്ല). പ്രവൃത്തിയുടെ ഫയലുകൾ, എം ബുക്ക് എന്നിവ പരിശോധിച്ചത് പ്രകാരം കരാറിലും പ്രവൃത്തിയിലും ചുവടെ ചേർക്കുംവിധം അപാകതകൾ കാണുന്നു.

1.സാങ്കേതികാനുമതി ലഭിച്ചത് 2 ലക്ഷം രൂപയ്ക്കാണ്. എന്നാൽ ഫയലിൽ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് 245000/ രൂപയുടേതാണ്.

2. സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ ഫിക്സഡ് ഡോം ടൈപ്പ് ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം 130979.05/, സപ്ളൈ & ഇൻസ്റ്റലേഷൻ ഓഫ് എക്വിപ്മെന്റ് 3500/, സാങ്കേതിക സഹായം, പരിശീലനം എന്നിവയ്ക്കുള്ള കൺസൾട്ടൻസി ചാർജ് 20000/,1200ലിറ്റർ വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനുള്ള മെറ്റീരിയൽ കോസ്റ്റ്, പ്ലംബിംഗ് പ്രവൃത്തികൾക്കുള്ള ചാർജ് 6500, മാനേജ്മെന്റ് ചാർജ്, ടാക്സ് എന്നിവ 39020.95/ ആകെ -200000/

3.പ്രവൃത്തിയുടെ എം.ബുക്ക് പ്രകാരം പേജ് 47 സപ്ലൈ & ഇൻസ്റ്റലേഷൻ ഓഫ് എക്വിപ്മെന്റ്സ് ൽ ഇനം 25 Mm GI (Medium) ഗ്യാസ് ഔട്ട് ലെറ്റ് പൈപ്പ് Etc. ന് അനുവദിച്ച തുക 6500/ആണ്. എന്നാൽ സാങ്കേതികാനുമതി 3500/രൂപയ്ക്ക് മാത്രമാണ്. മാത്രമല്ല എസ്റ്റിമേറ്റ് പ്രകാരവും ഈ ഇനത്തിന് അനുവദനായമായത് 3500/രൂ മാത്രമാണ്. 3000/രൂപ അധികം നല്കിയിരിക്കുന്നു.

4.സാങ്കേതികാനുമതിയിൽ ഉൾപ്പെട്ടിട്ടുള്ള 1200 ലിറ്റർ വാട്ടർടാങ്ക് (6500/)പ്ലംബിംഗ് ഉൾപ്പെടെ പൂർത്തിയാക്കി സ്ഥാപിച്ചിട്ടില്ല.എസ്റ്റിമേറ്റിന്റെ അബ്സ്ട്രാക്ടിൽ ഇതുൾപ്പെടുത്തിയെങ്കിലും ഡീറ്റയിൽഡ് എസ്റ്റിമേറ്റിൽ ചേർത്തിട്ടുമില്ല. പ്ലാന്റിന്റെ പ്രവർത്തനത്തിൽ ഇത് അവശ്യം വേണ്ടതാണെങ്കിൽ നടപ്പിലാക്കാത്തത് പ്ലാന്റിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകും. ഇക്കാര്യം നിർവഹണ ഉദ്യോഗസ്ഥൻ പരിഗണിച്ചതായി കാണുന്നില്ല. ക്രമനം.3 ൽ ഉൾപ്പെടുത്തി നല്കിയതുക ഈ 6500/രൂപയാണ്.

5.സോഷ്യോ ഇക്കണോമിക് യൂണിറ്റിന് തുക നല്കിയതിലും അപാകതകളുണ്ട്. 2016 ഡി.എസ്.ആർ കോസ്റ്റ് ഇൻഡക്സ് 44.12 പ്രകാരമുള്ളത് ജി.എസ്.ടി ഉൾപ്പെടുത്തിയുള്ളതാണ്. ഡി.എസ്.ആർ 37.29 കോസ്റ്റ് ഇൻഡക്സ് ആയി ജി.എസ്.ടി ഇല്ലാത്ത നിരക്ക് പ്രാബല്യത്തിൽ വന്ന ശേഷമാണ് ഇത് കൂട്ടി നല്കാൻ അനുമതിയുള്ളത്. അതുപ്രകാരം സോഷ്യോ ഇക്കണോമിക് യൂണിറ്റിന് അനുവദിക്കാവുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| അനുവദിച്ചത് | അനുവദിക്കാവുന്നത് |
|---|---|
| പ്രവൃത്തിമൂല്യം -181611<br>കൂട്ടുക-ജി .എസ്.ടി&<br>നിർമാണത്തൊഴിലാളി<br>ക്ഷേമനിധി (5+1)6% -10897<br>ആകെ -192508<br>കുറയ്ക്കുക<br>ആദായനികുതി- 3632<br>നിർമാണത്തൊഴിലാളി<br>ക്ഷേമനിധി - 1816<br>ജി.എസ്.ടി -3632<br>സോഷ്യോഇക്കണോമിക്<br>യൂണിറ്റിന് -183428.<br>തുക നല്കിയത്.<br>വൗച്ചർനം.450210101/06-12-21 -183428/<br>വൗച്ചർനം.22100569/06-12-21 – 9062/ | പ്രവൃത്തിമൂല്യം -181611.<br>കുറയ്ക്കുക<br>ജി.എസ്.ടി 2% -3632<br>ആദായനികുതി 1%-1816<br>നിർമാണത്തൊഴിലാളി<br>ക്ഷേമനിധി 1% - 1816<br>സോഷ്യോഇക്കണോമിക്<br>യൂണിറ്റിന് -174347<br>അധികമായി<br>നല്കിയത്-9081. |

കൂടാതെ ക്രമനം.3 ൽ ചേർത്ത പ്രകാരം അധികം നല്കിയ 3000/രൂപയുമുൾപ്പെടെ ആകെ 12081/രൂപ സോഷ്യോഇക്കണോമിക് യൂണിറ്റിന് അധികം അനുവദിച്ചിട്ടുണ്ട്.

എം.ബുക്ക് പേജ് 40ൽ രേഖപ്പെടുത്തി അനുവദിച്ച 20000/രൂപ പ്ലാന്റ് കമ്മീഷൻ ചെയ്ത് ആദ്യ ആറുമാസം സാങ്കേതിക സഹായം നല്കുന്നതിനും പരിശീലനം നല്കുന്നതിനും അനുവദനീയമായതാണ്.എന്നാൽ പരിശീലനം ലഭിച്ചതിന്റെ

ഉൾപ്പെടെ വിവരം ഇല്ല.
2018-19,2019-20 വർഷങ്ങളിലായി നിർമ്മാണപ്രവൃത്തികൾ നടന്ന പ്രോജക്ടിന്റെ പേമെന്റ് 2021- 22 വരെ കാലതാമസം വരുത്തിയതിന്റെ കാരണവും വ്യക്തമല്ല.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.13/15-11-22 നുള്ള മറുപടിയിൽ സ്ഥാപനത്തിൽ മറ്റ് വിധത്തിൽ വെള്ളത്തിന്റെ ലഭ്യത ഉണ്ടായിരുന്നതിനാൽ 1200 ലിറ്റർ ടാങ്ക് സ്ഥാപിക്കുകയും തുക അനുവദിക്കുകയും ചെയ്തില്ലയെന്നും ശുചിത്വമിഷൻ ഫണ്ട് ലഭിക്കുന്നതിലുണ്ടായ കാലതാമസവുംണറ്റും മൂലമാണ് ബിൽ നല്കുന്നതിന് കാലതാമസമുണ്ടായതെന്നും അറിയിച്ചു. സാങ്കേതിക സഹായവും പരിശീലനവും സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ ലഭ്യമാക്കിയിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി.അധികമായി നല്കിയ തുക സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ നിന്ന് തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചു.

സോഷ്യോഇക്കണോമിക് യൂണിറ്റിന് അധികം നല്കിയ 12081/-രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2021-22 | 23.08.2022 | 14.11.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 31.03.2022 | 75000 | 191/21-22, പെണ്ണാട് വിതരണം | 75000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 28.09.2021 | 600000 | 19/21-22, ലൈഫ് -ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം (പൊതുവിഭാഗം) | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 31.03.2022 | 200000 | 22/21-22, അംഗൻവാടി പൂരക പോഷകാഹാര പദ്ധതി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 31.03.2022 | 225000 | 23/21-22, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 225000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 07.02.2022 | 185000 | 20/21-22, ലൈഫ് ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം (എസ് സി) | 185000 | 0 |
| **ആകെ** | | **1285000** | | **1285000** | **0** |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 05.03.2022<br>21.03.2022 | 281620<br>218380 | 14/21-22, ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 500000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 19.03.2022<br>31.03.2022 | 150965<br>134519 | 22/21-22, അംഗൻവാടി പൂരക പോഷകാഹാര പദ്ധതി | 285484 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 20.01.2022 | 300000 | 23/21-22, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് കോട്ടയം | 30.03.2022 | 100000 | 16/21-22, അശ്രയ അഗതി രഹിത | 100000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 01.09.2021<br>15.02.2022<br>10.03.2022 | 300000<br>200000<br>385000 | 20/21-22, ലൈഫ് ഭൂരഹിത ഭവന രഹി കേരളം - ഭവന പുനരുദ്ധാരണം | 885000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 31.03.2022 | 500000 | 151/21-22, ഉരുളികുന്നം ഇൻഡോർ സ്റ്റേഡിയം നിർമ്മാണം | 500000 | 0 |
| **ആകെ** | | **2570484** | | **2570484** | **0** |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 107/21-22, സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 22100568/ 10.3.22 -1428000/<br>22100364/ 21.1.22/ 171643/<br>22100364/21.1.22-232648/<br>22100266/23.12.21-1195352/<br>22100365/21.1.22-7954 | 3035597 | 0 | 3035597 |
| ഭൂജല വകുപ്പ് | 196/21-22, ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം | XVFC/21-22/P/44/ 30.3.22 | 1394040 | 0 | 1394040 |
| ഭൂജല വകുപ്പ് | 197/21-22, വെറ്ററിനറി ഡിസ്പൻസറിയിൽ കുഴൽ കിണർ നിർമ്മാണം | 33/27.3.22 | 250000 | 0 | 250000 |
| ഭൂജല വകുപ്പ് | 198/21-22, ആയുർവേദ ഡിസ്പൻസറിയിൽ കുഴൽ കിണർ നിർമ്മാണം | 34/27.3.22 | 250000 | 0 | 250000 |
| ഭൂജല വകുപ്പ് | 199/21-22, വിവിധ അംഗനവാടികളിൽ കുഴൽ കിണർ നിർമ്മാണം | 32/27.03.22 | 1007091 | 0 | 1007091 |
| **ആകെ** | | | **5936728** | **0** | **5936728** |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി. എഫ്.സി. ലോൺ) | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 9254951 | 120000 | 1862668 | - | 7512283 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 11695977/- |
| തൻവർഷം നിക്ഷേപിച്ച തുക | 364004/- (പലിശ സ്ഥിര നിക്ഷേപത്തോട് ചേർത്തത്) |
| ആകെ | 12059981/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 12059981/- |

സ്ഥിരനിക്ഷേപ വർഷാവസാന ബാലൻസ് തുകയും വാർഷിക ധനകാര്യപത്രികയിലെ തുകയുമായി 375331/- രൂപയുടെ വ്യത്യാസമുണ്ട്. മേൽ വ്യത്യാസം വാർഷിക കണക്കുകളുടെ അപാകതയിൽ ചേർത്തിട്ടുണ്ട്. മേൽ അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | സർവ്വീസ് സഹകരണബാങ്ക് ഇളങ്ങുളം (നം.6546/1.7.2019) | 20.09.2021 | 6 മാസം | 6005187 | പലിശനിരക്ക് 6.25% |
| 2 | സർവ്വീസ് സഹകരണബാങ്ക് ഇളങ്ങുളം (നം.6547/1.7.2019) | 29.09.2021 | 6 മാസം | 6054794 | |
| | | | ആകെ | 12059981 | |

തനത് ഫണ്ടിൽ നിന്നും നിക്ഷേപിച്ച 1 കോടി രൂപയുടെ പലിശ വരവ് നിക്ഷേപത്തിൽ കൂട്ടിയാണ് തുക കണക്കാക്കിയിട്ടുള്ളത്.

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8 | 2016-17 | അനുബന്ധം 3, 4 | തൊഴിൽ നികുതി,വസ്തുനികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2-4, 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഈയിനത്തിൽ ഓഡിറ്റ് വർഷം തുകയൊന്നും വരവില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,71,68,601.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,80,70,003.00 |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർചാർജ് ചെയ്യാവുന്നത്) | : | 12081 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 7274914 |

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-25 | | 12081 | ഷീജാമോൾ ജോസഫ്, അസി.എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 15021 | ഡോ.ജെയ്സി എം കട്ടപ്പുറം, മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| 1-24 | 60200 | ഡോ.ബിന്ദു തെരേസ പി ജെ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-26 | 998452 | ഷീജാമോൾ ജോസഫ്, അസി.എഞ്ചിനീയർ |
| 1-28 | 6201241 | സിബി ജോസ്, സെക്രട്ടറി |
| ആകെ | 7274914 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|
| ഷീജാമോൾ ജോസഫ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, എലിക്കുളം ഗ്രാമപഞ്ചായത്ത് | കുന്നത്തേട്ട് ആറുമാനൂർ പി.ഒ, അയർക്കുന്നം |

## 4-11 തീർപ്പാക്കാൻ അവശേഷികന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 99-00ചെലവ് | എൽ. എഫ്. കെ.പി. 6/ 55/03/16.6.03/10.10.03 | 27 |
| 2000-01, 2001-02 ജനകീയാസൂത്രണം | കെ.എസ്.എ.കെ.ടി.എം പി13/അദ2022/1688(1)/ 25.08.2022 | 1 |
| 2005-06 | കെ.എസ്.എ.കെ.ടി.എം പി13/അദ2022/1688(2)/ 25.08.2022 | 3 |
| 2006-07 | കെ.എസ്.എ.കെ.ടി.എം പി13/അദ2022/1688(3)/ 25.08.2022 | 2 |
| 2009-10 | കെ.എസ്.എ.കെ.ടി.എം പി13/അദ2022/1688(4)/ 25.08.2022 | 2 |
| 2010-11 ,11-12 | കെ.എസ്.എ.കെ.ടി.എം പി13/അദ2022/1688(5)/ | 1 |

| | | |
|---|---|---|
| | 25.08.2022 | |
| 2012-13 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/881(1)/ 05.08.2022 | 1 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/881(2)/ 25.08.2022 | 8 |
| 2015-16 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/1688(6)/ 25.08.2022 | 7 |
| 2016-17 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/881(3)/ 05.08.2022 | 3 |
| 2017-18 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/881(4)/ 25.08.2022 | 3 |
| 2018-19 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/881(5)/ 25.08.2022 | 8 |
| 2019-20 | കെ.എസ്.എ.കെ.ടി.എം പി13/അദാ2022/1688(7)/ 25.08.2022 | 9 |
| 2020-21 | കെ.എസ്.എ.കെ.ടി.എം പി13/1498/2021/ 07.04.2022 | 16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**അനുബന്ധം-1**
**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്